**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5300** **12-08-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സംരംഭകർക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സ്ത്രീ സംരംഭകർക്ക് അവർ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനുള്ള പ്രോൽസാഹനം നൽകുവാനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കുടുംബശ്രീ മുഖേനയുള്ള മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരിലൂടെ സ്ത്രീ സംരംഭകർ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് യഥാസമയം മനസ്സിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് താഴെപ്പറയുന്ന പദ്ധതികളും നിലവിലുണ്ട്. 1. പെർഫോമൻസ് ട്രാക്കിങ് സോഫ്റ്റ്-വെയർ സംവിധാനത്തിലൂടെ സംരംഭങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തുന്നു. 2. സിക്ക് എം.ഇ റിവൈവൽ ഫണ്ട് സ്കീം പ്രകാരം പ്രവർത്തനം നിലച്ച/ പൂട്ടിപ്പോയ സംരംഭങ്ങളെ പുന: രുജ്ജീവിപ്പിക്കുന്നു. 3. വനിതാസംരംഭകരുടെ ഉത്പന്ന ങ്ങൾക്ക് വേണ്ടുന്ന മാർക്കറ്റിങ് സഹായങ്ങളും നൽകിവരുന്നു. 4. സാമ്പത്തികമായി വെല്ലുവിളികൾ നേരിടുന്ന യൂണിറ്റുകൾക്ക് വിവിധ തരത്തിലുള്ള താത്ക്കാലിക ആശ്വാസ സഹായ പദ്ധതിയും നിലവിലുണ്ട്. 5. സ്ത്രീ സംരംഭകർക്ക് സംരംഭക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനായി പെർഫോമൻസ് ഇംപ്രൂവ്മെന്റ് പോഗ്രാം രൂപീകരിച്ചിട്ടുണ്ട്. 6. സാമൂഹ്യമായും സാമ്പത്തിക മായും പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ ലളിതമായ വ്യവസ്ഥയിൽ 4-6% പലിശ നിരക്കിൽ വായ്പ നൽകി വരുന്നു. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലകളിലേക്ക് സ്ത്രീ സംരംഭകരെ ആകർഷിക്കുന്നതിന് താഴെപ്പറയുന്ന സഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സംരംഭക സഹായ പദ്ധതിയിൽ വനിതസംരംഭകർക്ക് അധികമായി 10% സബ്സിഡി നൽകുന്നുണ്ട്. ടി പദ്ധതി പ്രകാരം ഉൽപാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 30 ലക്ഷം വരെ ധനസഹായം നൽകുന്നുണ്ട്. നാനോ |

| | | | |
|---|---|---|---|
| | | | ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ വനിത സംരംഭകർക്ക് 2% അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. ചെറുകിട വ്യവസായ സംരംഭകർക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിൽ 30% ഉണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ വനിത സംരംഭകരെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ വനിതകൾ ഉൾപ്പെടുന്ന മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പരമാവധി 4 ലക്ഷം രൂപ വരെ സഹായം നൽകും. |
| (ബി) | സ്ത്രീ സംരംഭകരുടെ രജിസ്ട്രേഷൻ നടത്തുന്നതിനും മറ്റ് സാങ്കേതിക വശങ്ങളെക്കുറിച്ചുള്ള അറിവ് പകർന്ന് നൽകുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (ബി) | കേന്ദ്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മന്ത്രാലയത്തിന്റെ രജിസ്ട്രേഷൻ പോർട്ടലായ ഉദ്യം രജിസ്ട്രേഷൻ ആണ് നിലവിലുള്ള പ്രധാന സംവിധാനം. സംസ്ഥാന വ്യവസായ വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ 'വ്യവസായ ജാലകം' എന്ന പോർട്ടലിലൂടെയും സംരംഭക വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. സാങ്കേതികവിദ്യയിലും മാനേജ്മെന്റിലും അറിവ് നൽകുന്നതിന് ടെക്നോളജി ക്ലിനിക്കുകളും ടെക്നോളജി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമുകളും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്നു. കുടുംബശ്രീയുടെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ സൂക്ഷ്മ സംരംഭ യൂണിറ്റുകളും സി.ഡി.എസ്സ്-കളിൽ രജിസ്റ്റർ ചെയ്യുകയും ജിയോടാഗിങ് ഉൾപ്പെടെ യൂണിറ്റുകളുടെ രജിസ്ട്രേഷനും സംരംഭകരുടെ വിവരങ്ങളും രേഖപ്പെടുത്തുന്നതിനായി എം.ഇ സോഫ്റ്റ്.വെയർ സംവിധാനവും നിലവിലുണ്ട്. |
| (സി) | സ്ത്രീ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | ഉത്പന്നങ്ങൾ വിതരണം നടത്തുന്നതിന് എക്സിബിഷനുകൾ, വിപണന മേളകൾ, മാസചന്തകൾ, സരസ്സ് ഫെയറുകൾ, സ്ഥിര വിപണന കേന്ദ്രങ്ങൾ, കുടുംബശ്രീ ബസാർ, മാർക്കറ്റിങ് ഔട്ട്-ലെറ്റ് എന്നിവ നടത്തി വരുന്നു. കാർഷിക-ഭക്ഷ്യ സംസ്കരണ മേഖലയിലെ ഉത്പന്നങ്ങൾക്ക് വിപണിയൊരുക്കുന്നതിന് കേരള അഗ്രോ ഫുഡ് പ്രോ സംഘടിപ്പിക്കുന്നു. കൂടാതെ ഉത്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിന് വാണിജ്യ മിഷന് രൂപം നൽകിയിട്ടുണ്ട്. ഓൺലൈൻ വ്യാപാരത്തിനായി www.keralaemarket.kerala.gov.in എന്ന പോർട്ടലും ആരംഭിച്ചിട്ടുണ്ട്. കൂടാതെ എറണാകുളത്ത് അന്തർദ്ദേശീയ നിലവാരമുള്ള ഒരു എക്സിബിഷൻ സെന്റർ നിർമ്മിച്ചുകൊണ്ട് ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ